✍ ടി.കെ ഉബൈദ്



# സൂറ – 33 / അൽ അഹ്സാബ്

## സൂക്തം: 07 – 11

ഭയക്രാന്തമായ ആ സാഹചര്യത്തിലും ദൃഢവിശ്വാസികളായ മുസ്‌ലിംകൾ അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിച്ചു. ദുർബല വിശ്വാസികൾ അല്ലാഹു തങ്ങളെ വെടിഞ്ഞുവെന്ന് കരുതി നിരാശപ്പെട്ടു. കപടവിശ്വാസികൾ പ്രവാചകൻ വിശ്വാസികൾക്ക് നൽകിയ വിജയത്തിന്റെയും സൗഭാഗ്യത്തിന്റെയും വാഗ്ദാനങ്ങളെല്ലാം കേവലം തട്ടിപ്പും വഞ്ചനയുമാണെന്ന് പ്രചരിപ്പിക്കാൻ നല്ലൊരവസരമായി അതിനെ ഉപയോഗപ്പെടുത്തി.

وَإِذْ أَخَذْنَا مِنَ ٱلنَّبِيِّـۧنَ مِيثَـٰقَهُمْ وَمِنكَ وَمِن نُّوحٍ وَإِبْرَٰهِيمَ
وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ ۖ وَأَخَذْنَا مِنْهُم مِّيثَـٰقًا غَلِيظًا ﴿٧﴾

7. ഈ പ്രവാചകൻ നാം എല്ലാ പ്രവാചകന്മാരിൽനിന്നും പ്രതിജ്ഞ വാങ്ങിയിട്ടുള്ളതോർക്കണം. വിശേഷിച്ചും നിന്നിൽനിന്നും നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ പുത്രൻ ഈസാ എന്നിവരിൽനിന്നും. വളരെ ഗൗരവമാർന്ന പ്രതിജ്ഞയാണ് നാം അവരിൽനിന്ന് വാങ്ങിയിട്ടുള്ളത്.

**7**

وَإِذْ أَخَذْنَا = നാം എടുത്ത് (വാങ്ങിയിട്ടുള്ളത് ഈ പ്രവാചകൻ) ഓർക്കണം

مِنَ ٱلنَّبِيِّـۧنَ = (എല്ലാ) പ്രവാചകന്മാരിൽനിന്നും مِيثَـٰقَهُمْ = അവരുടെ പ്രതിജ്ഞ وَمِنكَ = (വിശേഷിച്ച്) നിന്നിൽനിന്നും

وَمِن نُّوحٍ وَإِبْرَٰهِيمَ وَمُوسَىٰ وَعِيسَى ٱبْنِ مَرْيَمَ = നൂഹ്, ഇബ്റാഹീം, മൂസാ, മർയമിന്റെ പുത്രൻ ഈസാ എന്നിവരിൽനിന്നും

وَأَخَذْنَا مِنْهُم = നാം അവരിൽനിന്ന് എടുത്തു (വാങ്ങിയിട്ടുള്ളത്)

مِّيثَـٰقًا غَلِيظًا = കനത്ത പ്രതിജ്ഞയെ (വളരെ ഗൗരവമാർന്ന പ്രതിജ്ഞയാണ്)

തുടക്കത്തിലെ 1-3 സൂക്തങ്ങളിൽ നൽകിയ ഉത്തരവിന്റെ അനുബന്ധമാണിത്. ഈ അനുബന്ധം പ്രസക്തമാകുന്നതായിരുന്നു അവതരണ പശ്ചാത്തലം. അറബികൾ തലമുറതലമുറകളായി ആചരിച്ചുവരുന്ന ചില കുടുംബ-സാമൂഹിക ബന്ധങ്ങളും വ്യവസ്ഥകളും റദ്ദാക്കാനാണ് അല്ലാഹു ഉത്തരവിടുന്നത്. അതു നടപ്പാക്കുമ്പോൾ അവിശ്വാസികളുടെ എതിർപ്പിനും വിമർശനത്തിനും ശക്തി കൂടുമെന്ന് പ്രവാചകനറിയാമായിരുന്നു. ചില വിശ്വാസികളിൽ പോലും സന്ദേഹമുളവാക്കുമെന്ന് തിരുമേനി ആശങ്കിച്ചു. ഈ സാഹചര്യത്തിൽ അല്ലാഹു ഉദ്ബോധിപ്പിക്കുകയാണ്: ഇത്തരം ആശങ്കകളൊക്കെ അവഗണിച്ച് നിശ്ചയദാർഢ്യത്തോടെ അല്ലാഹുവിന്റെ കൽപന നടപ്പിലാക്കണം. അല്ലാഹുവിന്റെ സന്ദേശം ഏറ്റക്കുറവില്ലാതെ ജനങ്ങളിൽ പ്രബോധനം ചെയ്യാനും അവന്റെ വിധിവിലക്കുകൾ ഭേദഗതി കൂടാതെ നടപ്പിലാക്കാനും അല്ലാഹു എല്ലാ പ്രവാചകന്മാരിൽനിന്നും പ്രതിജ്ഞ വാങ്ങിയിട്ടുണ്ട്. ഈ പ്രതിജ്ഞ കൃത്യമായി നിറവേറ്റുകയാണ് പ്രവാചകന്റെ നിയോഗദൗത്യം. ഈ അന്ത്യപ്രവാചകനിൽനിന്നും നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ

പ്രവാചകന്മാരിൽനിന്നും അല്ലാഹു സ്വീകരിച്ചിട്ടുള്ളത് സവിശേഷം ബലിഷ്ഠമായ പ്രതിജ്ഞയാകുന്നു. പ്രവാചകനും സഖാക്കളും ആ ഉത്തരവാദിത്തഭാരം ഏറ്റെടുത്തേ തീരൂ.

*ആലുഇംറാൻ* 81, *അൽഅഅ്റാഫ്* 145 സൂക്തങ്ങളിൽ ഖുർആൻ ഈ പ്രതിജ്ഞ പരാമർശിക്കുന്നുണ്ട്:

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ ۚ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي ۖ قَالُوا أَقْرَرْنَا ۚ قَالَ فَاشْهَدُوا وَأَنَا مَعَكُم مِّنَ الشَّاهِدِينَ

''പൂർവ പ്രവാചകന്മാരിൽനിന്ന് അല്ലാഹു ഇപ്രകാരം പ്രതിജ്ഞ വാങ്ങിയത് ഓർക്കുവിൻ. ഞാൻ നിങ്ങൾക്കരുളിയ വേദവും ജ്ഞാനവുമുണ്ടല്ലോ, പിന്നീട് നിങ്ങളുടെ കൂടെയുള്ളതിനെ സാക്ഷാത്കരിക്കുന്ന ദൈവദൂതൻ വന്നാൽ തീർച്ചയായും നിങ്ങളദ്ദേഹത്തെ വിശ്വസിക്കേണ്ടതും പിന്തുണക്കേണ്ടതുമാകുന്നു. തുടർന്ന് അവൻ അവരോട് ചോദിച്ചു: നിങ്ങളിത് സമ്മതിക്കുകയും എന്നോട് ചെയ്ത പ്രതിജ്ഞയുടെ ഉത്തരവാദിത്തഭാരം ഏറ്റെടുക്കുകയും ചെയ്തുവോ? അവർ അറിയിച്ചു: ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നു. അവൻ കൽപിച്ചു: എങ്കിൽ നിങ്ങൾ അതിന് സാക്ഷികളായിരിക്കുവിൻ. ഞാനും നിങ്ങളോടൊപ്പം സാക്ഷിയാകുന്നു'' (3:81).

وَكَتَبْنَا لَهُ فِي الْأَلْوَاحِ مِن كُلِّ شَيْءٍ مَّوْعِظَةً وَتَفْصِيلًا لِّكُلِّ شَيْءٍ فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا بِأَحْسَنِهَا ۚ سَأُرِيكُمْ دَارَ الْفَاسِقِينَ

''മൂസാക്ക് നാം സകലതരം ഉപദേശങ്ങളും സമസ്ത സംഗതികളുടെ വിശദീകരണവും ഫലകങ്ങളിൽ രേഖപ്പെടുത്തിക്കൊടുത്തു. എന്നിട്ട് ആജ്ഞാപിച്ചു: ഇത് മുറുകെ പിടിച്ചുകൊള്ളുക. ഏറ്റവും നല്ല നിലയിൽ അത് സ്വീകരിക്കാൻ നിന്റെ ജനത്തോട് കൽപിക്കുകയും ചെയ്യുക. അടുത്ത ഭാവിയിൽ നിങ്ങൾക്ക് ഞാൻ ധിക്കാരികളുടെ ഭവനം കാട്ടിത്തരുന്നുണ്ട്'' (7:145).

ദീനിന്റെ പ്രബോധനവും പ്രയോഗവുമാണ് പ്രവാചകന്മാരിൽ ചുമത്തിയിട്ടുള്ള ഉത്തരവാദിത്തം എന്ന് 42:13-ലും പ്രസ്താവിച്ചിരിക്കുന്നു:

شَرَعَ لَكُم مِّنَ الدِّينِ مَا وَصَّىٰ بِهِ نُوحًا وَالَّذِي أَوْحَيْنَا إِلَيْكَ وَمَا وَصَّيْنَا بِهِ إِبْرَاهِيمَ وَمُوسَىٰ وَعِيسَىٰ ۖ أَنْ أَقِيمُوا الدِّينَ وَلَا تَتَفَرَّقُوا فِيهِ ۚ كَبُرَ عَلَى الْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ ۚ اللَّهُ يَجْتَبِي إِلَيْهِ مَن يَشَاءُ وَيَهْدِي إِلَيْهِ مَن يُنِيبُ

''നൂഹിനോട് അനുശാസിച്ചിരുന്നതും ഇപ്പോൾ നിനക്ക് ബോധനം ചെയ്തതും ഇബ്റാഹീം, മൂസാ, ഈസാ പ്രവാചകന്മാരോട് അനുശാസിച്ചിരുന്നതുമായ ദീൻ തന്നെ നിങ്ങൾക്ക് നിയമിച്ചുതന്നിരിക്കുന്നു; ഈ ദീൻ സ്ഥാപിക്കുവിൻ, അതിൽ ഭിന്നിക്കരുത് എന്ന താക്കീതോടുകൂടി.''

പ്രകൃത സൂക്തം പരാമർശിക്കുന്ന അഞ്ച് പ്രവാചകന്മാർ ദൃഢമനസ്കർ - أولو العزم - എന്ന് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളവരാണ്. രൂക്ഷമായ എതിർപ്പുകളും കൊടിയ പീഡനങ്ങളും നേരിട്ടുകൊണ്ട് ആദർശം പ്രബോധനം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും അതുല്യമായ സ്ഥൈര്യവും നിശ്ചയദാർഢ്യവും പുലർത്തിയവരാണവർ. ഉലുൽ അസ്മിനെ പേരെടുത്തു പറഞ്ഞതിലൂടെ പ്രവാചകദൗത്യത്തിന്റെ പ്രാധാന്യവും അതിൽ നിശ്ചയദാർഢ്യത്തിനും സ്ഥൈര്യത്തിനുമുള്ള പ്രത്യേക പങ്കും എടുത്തു കാണിച്ചിരിക്കുകയാണ്. ഉലുൽ അസ്മിൽ അന്തിമനാണ് മുഹമ്മദ് (സ). പ്രകൃത സൂക്തത്തിൽ അദ്ദേഹത്തെ ആദ്യം പരാമർശിച്ചത് സംബോധിതൻ അദ്ദേഹമായതുകൊണ്ടാവാം. അല്ലെങ്കിൽ ഉലുൽ അസ്മിൽ ഏറ്റവും ശ്രേഷ്ഠനായതുകൊണ്ടാവാം.

ഈ പ്രവാചകന്മാരിൽനിന്ന് അല്ലാഹു വാങ്ങിയ പ്രതിജ്ഞ അതീവ ഗുരുതരവും അതിദൃഢവുമായിരുന്നുവെന്ന് ഊന്നിപ്പറയുകയാണ് وَأَخَذْنَا مِنْهُم مِّيثَاقًا غَلِيظًا എന്ന വാക്യം. ഈ പ്രതിജ്ഞയെ ലഘുവായി കാണരുത്. അത് നടപ്പിലാക്കുന്നതിൽ അലംഭാവവും വീഴ്ചയും സംഭവിച്ചുകൂടാ. തികഞ്ഞ ജാഗ്രതയോടെ കാണുകയും നടപ്പിലാക്കുകയും ചെയ്യണം എന്നാണ് ധ്വനി. ■

---

لِّيَسْـَٔلَ ٱلصَّـٰدِقِينَ عَن صِدْقِهِمْ ۚ وَأَعَدَّ لِلْكَـٰفِرِينَ عَذَابًا أَلِيمًا ﴿٨﴾

8. സത്യവാന്മാരോട് അവരുടെ സത്യസന്ധതയെക്കുറിച്ച് ചോദിക്കാൻ. സത്യധർമങ്ങൾ നിഷേധിച്ചു വാണവർക്ക് ഒരുക്കിവെച്ചിട്ടുള്ളത് വേദനയേറിയ ശിക്ഷയാകുന്നു.

**8**

لِّيَسْـَٔلَ ٱلصَّـٰدِقِينَ = സത്യവാന്മാരോട് ചോദിക്കാൻ

عَن صِدْقِهِمْ = അവരുടെ സത്യസന്ധതയെക്കുറിച്ച്   وَأَعَدَّ = അവൻ ഒരുക്കി (വെച്ചിട്ടുള്ളത്)

لِلْكَـٰفِرِينَ = (സത്യധർമങ്ങൾ) നിഷേധിച്ച (ച്ചു വാണവർക്ക്)   عَذَابًا أَلِيمًا = വേദനയേറിയ ശിക്ഷയെ (യാകുന്നു)

പ്രവാചകന്മാർ നിയുക്തരാകുന്നതിന്റെയും അവരിൽനിന്ന് സത്യപ്രബോധനത്തിന്റെ പ്രതിജ്ഞ വാങ്ങുന്നതിന്റെയും യുക്തിയും താൽപര്യവും വ്യക്തമാക്കുകയാണ്. സത്യധർമങ്ങൾ അടിസ്ഥാനപരമായി മനുഷ്യന്റെ അന്തർബോധത്തിൽ തന്നെയുണ്ടെങ്കിലും ഭൗതികാസക്തികളുടെ വേലിയേറ്റവും പ്രജ്ഞാശൂന്യതയും മൂലം അധികമാളുകളിലും അത് നിസ്തേജമാകുന്നു. ജീവിതത്തിലൊരിക്കലും സത്യബോധത്തിലേക്കും ധർമബോധത്തിലേക്കും ഉണർത്തപ്പെടാതെ മരിച്ചുപോകുന്നവർക്ക് നാളെ അല്ലാഹുവിന്റെ മുമ്പിൽ ന്യായം ബോധിപ്പിക്കാം; 'ദൈവമേ, സത്യമെന്തെന്നും ധർമമെന്തെന്നും ഞങ്ങൾ അറിഞ്ഞിരുന്നില്ല. ആരും ഞങ്ങളെ അതൊന്നും പഠിപ്പിച്ചിട്ടുമില്ല. ഞങ്ങൾ അറിയുകയോ അറിയിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത ഉത്തരവാദിത്തങ്ങളുടെ പേരിൽ ഞങ്ങളെ വിചാരണ ചെയ്യുന്നത് നീതിയാണോ? 'അ

ല്ലാഹു ആരെയും അന്യായമായി വിചാരണ ചെയ്യുന്നതല്ല. വിചാരണ ചെയ്യപ്പെടാനും രക്ഷാശിക്ഷകൾ വിധിക്കപ്പെടാനുമുള്ള എല്ലാ ന്യായങ്ങളും പൂർത്തിയാക്കിയ ശേഷമായിരിക്കും അവന്റെ നടപടി. ആ ന്യായപൂർത്തീകരണമാണ് പ്രവാചകനിയോഗത്തിലൂടെയും വേദാവതരണത്തിലൂടെയും നടത്തുന്നത്. സൂറ *അന്നിസാഅ്* 169-ാം സൂക്തം ഇക്കാര്യം لِئَلَّا يَكُونَ لِلنَّاسِ عَلَى اللَّهِ حُجَّةٌ بَعْدَ الرُّسُلِ (പ്രവാചകനിയോഗത്തിനുശേഷം മനുഷ്യർക്ക് അല്ലാഹുവിനെതിരെ ന്യായമുണ്ടാവാതിരിക്കാൻ) എന്ന് കൂടുതൽ സ്പഷ്ടമായി പറയുന്നുണ്ട്. لِيَسْـَٔلَ-യുടെ ഭാഷാർഥം 'ചോദിക്കാൻ' എന്നാണ്. ഈ സന്ദർഭത്തിൽ ഇതിന്റെ താൽപര്യം വിചാരണ ചെയ്യാനും രക്ഷാശിക്ഷകൾ വിധിക്കാനും എന്നാകുന്നു. മനസ്സാക്ഷിയോട്- അന്തരാളത്തിലുള്ള ധർമബോധത്തോട്- സത്യസന്ധത പാലിക്കുകയും പ്രവാചകന്മാരെ സത്യപ്പെടുത്തുകയും ചെയ്യുന്നവരാണ് ٱلصَّـٰدِقِينَ. സ്വാദിഖുകളുടെ വിപരീതമാണ് കാഫിറുകൾ. ■

---

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَآءَتْكُمْ جُنُودٌ فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا لَّمْ تَرَوْهَا ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٩﴾

9. അല്ലയോ സത്യവിശ്വാസികളേ, അല്ലാഹു നിങ്ങൾക്കരുളിയ അനുഗ്രഹങ്ങളോർക്കുവിൻ; മഹാ സൈന്യങ്ങൾ നിങ്ങൾക്കെതിരെ ഇരമ്പിവന്ന സന്ദർഭം. അപ്പോൾ നാം അവർക്കെതിരെ ഒരു കൊടുങ്കാറ്റിനെയും നിങ്ങൾക്ക് കാണാനാവാത്ത സൈന്യങ്ങളെയും നിയോഗിച്ചു. നിങ്ങൾ ചെയ്യുന്നതൊക്കെയും അല്ലാഹു കാണുന്നുണ്ടായിരുന്നു.

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ ٱلْأَبْصَـٰرُ وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ﴿١٠﴾

10. ശത്രുക്കൾ മീതെ നിന്നും താഴെ നിന്നും നിങ്ങൾക്കുനേരെ വന്നപ്പോൾ, കൊടുംഭീതിയാൽ കണ്ണുകൾ തുറിച്ചുപോവുകയും ഹൃദയങ്ങൾ തൊണ്ടക്കുഴിയിലെത്തുകയും അല്ലാഹുവിനെക്കുറിച്ച് പലതരം ഊഹങ്ങൾ ഊഹിക്കുകയും ചെയ്ത സന്ദർഭമോർക്കുക.

هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا ﴿١١﴾

11. ആ സമയത്ത് സത്യവിശ്വാസികൾ കൊടിയ പരീക്ഷണത്തിലകപ്പെടുകയും കിടുകിടാ വിറപ്പിക്കപ്പെടുകയും ചെയ്തിരുന്നുവല്ലോ.

**9-11**

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا = അല്ലയോ സത്യവിശ്വാസികളായവരേ ٱذْكُرُوا = നിങ്ങൾ ഓർക്കുവിൻ

نِعْمَةَ ٱللَّهِ عَلَيْكُمْ = നിങ്ങളുടെ മേൽ അല്ലാഹുവിന്റെ (അല്ലാഹു നിങ്ങൾക്കരുളിയ) അനുഗ്രഹം

إِذْ جَآءَتْكُمْ = നിങ്ങൾക്ക് (എതിരെ ഇരമ്പി) വന്ന സന്ദർഭം جُنُودٌ = (മഹാ) സൈന്യം

فَأَرْسَلْنَا = അപ്പോൾ നാം നിയോഗിച്ചു عَلَيْهِمْ = അവർക്കെതിരെ رِيحًا = ഒരു (കൊടും) കാറ്റിനെ

وَجُنُودًا = സൈന്യങ്ങളെയും لَّمْ تَرَوْهَا = അതിനെ നിങ്ങൾ കണ്ടിട്ടില്ല

وَكَانَ ٱللَّهُ = അല്ലാഹു ആയി (ഉണ്ടായിരുന്നു) بِمَا تَعْمَلُونَ = നിങ്ങൾ ചെയ്യുന്നത് (ഒക്കെയും)

بَصِيرًا = കാണു(ന്നു)ന്നവൻ إِذْ جَآءُوكُم = അവർ നിങ്ങൾക്ക് (നിങ്ങളുടെ നേരെ) വന്നപ്പോൾ

مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ = നിങ്ങളുടെ മീതെ നിന്നും നിങ്ങളുടെ താഴെ നിന്നും (നാനാ ദിക്കിൽനിന്നും)

وَإِذْ زَاغَتِ ٱلْأَبْصَـٰرُ = (കൊടും ഭീതിയാൽ) കണ്ണുകൾ തുറിച്ചുപോ(വുകയും)യപ്പോൾ

وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ = ഹൃദയങ്ങൾ തൊണ്ടക്കുഴികളോളം എത്തുകയും

وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا = അല്ലാഹുവിനെക്കുറിച്ച് നിങ്ങൾ (പല തരം) ഊഹങ്ങൾ ഊഹിക്കുകയും ചെയ്യുന്ന സന്ദർഭമോർക്കുക

هُنَالِكَ = അവിടെ (ആ സമയത്ത്)

ٱبْتُلِىَ ٱلْمُؤْمِنُونَ = സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടു (ഭീകരമായ പരീക്ഷണത്തിലകപ്പെടുകയും)

وَزُلْزِلُوا زِلْزَالًا شَدِيدًا = അവർ ശക്തിയായി വിറപ്പിക്കപ്പെടുകയും (കിടുകിടാ വിറക്കുകയും) ചെയ്തിരുന്നു(വല്ലോ)

പ്രവാചകനും വിശ്വാസികളും അല്ലാഹുവിന്റെ സന്ദേശമനുസരിച്ച് പ്രവർത്തിക്കുന്നതിൽ എതിർപ്പുകൾക്കും ഭീഷണികൾക്കും വഴങ്ങരുതെന്ന് കൽപിച്ചുകൊണ്ട് എല്ലാം ഭരമേൽപിക്കാൻ മതിയായവൻ തന്നെയാണ് അല്ലാഹു എന്നു

3-ാം സൂക്തം ഉപദേശിച്ചുവല്ലോ. അല്ലാഹുവിൽ ഭരമേൽപിക്കുന്നവരെ അവൻ രക്ഷിക്കുമെന്നതിന്റെ സുവ്യക്തമായ ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണിവിടെ. ഓർക്കാൻ ആവശ്യപ്പെടുന്ന ദൈവാനുഗ്രഹം തൊട്ടുമുമ്പ് നടന്ന അഹ്സാബ് യുദ്ധം മുസ്‌ലിംകൾക്ക് നൽകിയ സൽഫലങ്ങളാണ്. അഹ്സാബ് യുദ്ധമെന്നും ഖൻദഖ് യുദ്ധമെന്നും ചരിത്രത്തിൽ ഈ സംഭവം അറിയപ്പെടുന്നുണ്ട്. 'അഹ്സാബ്' കക്ഷികളാണ്. ഖുറൈശികളും മറ്റനേകം അറബ് ഗോത്രങ്ങളും ജൂത ഗോത്രങ്ങളും ചേർന്ന് സഖ്യസൈന്യമുണ്ടാക്കി ഇസ്‌ലാമിന്റെയും പ്രവാചകന്റെയും കഥകഴിക്കാനിറങ്ങിയ സംഭവം എന്ന നിലയിലാണ് അഹ്സാബ് എന്ന പേരു വന്നത്. 'ഖൻദഖ്' എന്നാൽ കിടങ്ങ്. ഇസ്‌ലാമിക ചരിത്രത്തിലാദ്യമായി ശത്രുക്കളെ പ്രതിരോധിക്കാൻ നഗരത്തിനു ചുറ്റും കിടങ്ങു കുഴിച്ചത് ഈ യുദ്ധത്തിലായതിനാലാണ് ഖൻദഖ് യുദ്ധം എന്ന പേരു വന്നത്. ഹിജ്റ 5-ാം വർഷം ശവ്വാലിൽ ഈ യുദ്ധം നടന്നുവെന്നാണ് പ്രബലമായ ചരിത്രം. ഹി. നാലാം വർഷത്തിലായിരുന്നു എന്നും പ്രസ്താവമുണ്ട്.

അറബ് ഗോത്രങ്ങളും ജൂത ഗോത്രങ്ങളും സഖ്യം ചെയ്ത് ഒരു വൻസൈന്യം സജ്ജീകരിച്ച് മദീനക്കുനേരെ നടത്തിയ പടയോട്ടമായിരുന്നു അഹ്സാബ് യുദ്ധം. ഈ സഖ്യസൈന്യത്തിന്റെ ശക്തിയും മദീനയുടെ സൈനിക ശേഷിയും തമ്മിൽ യാതൊരു താരതമ്യവുമുണ്ടായിരുന്നില്ല. തങ്ങളുടെ പടക്ക് മദീനയെ ചതച്ചരക്കാനും മുഹമ്മദിന്റെയും മുസ്‌ലിംകളുടെയും പേരും കുറിയും വരെ മായ്ച്ചുകളയാനും നിഷ്പ്രയാസം കഴിയുമെന്ന ഉറച്ച വിശ്വാസത്തിലും ആവേശത്തിലുമായിരുന്നു സഖ്യകക്ഷികൾ. അവർക്കു മുമ്പിൽ എങ്ങനെ പിടിച്ചുനിൽക്കാൻ കഴിയുമെന്ന് മുസ്‌ലിംകൾക്കും അറിയില്ലായിരുന്നു. അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ സഹായത്തിലുള്ള പ്രതീക്ഷയും മാത്രമായിരുന്നു അവരുടെ കൈമുതൽ. നഗരാതിർത്തിയിലെത്തി കുറേനാൾ മദീനയെ ഉപരോധിച്ച സഖ്യസൈന്യം ഒറ്റക്കെട്ടായി ആക്രമണമഴിച്ചുവിടാൻ നിശ്ചയിച്ച ദിവസത്തിന്റെ തലേന്നു രാത്രി, അവർ തമ്പടിച്ച ഭാഗത്ത് ഒരു കൊടുങ്കാറ്റടിച്ചു. ശൈത്യകാലത്തെ കൊടുങ്കാറ്റിൽ സഖ്യസൈന്യത്തിന്റെ തമ്പുകൾ മാത്രമല്ല കുതിരകളും ഒട്ടകങ്ങളും വരെ പറന്നുപോയി. സൈന്യം ആകെ വിറളി പൂണ്ടു, എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതിയെന്നായി. ഓരോ കക്ഷിയുടെയും നായകർ താന്താങ്ങളുടെ കക്ഷിയോട് ഉടനെ ഓടി രക്ഷപ്പെടാൻ ആഹ്വാനം ചെയ്തു. 'നമ്മുടെ തമ്പുകളും ഒട്ടകങ്ങളും കുതിരകളും മറ്റു സാധന സാമഗ്രികളുമെല്ലാം പറന്നുപോയി. നമ്മെ സഹായിക്കാമെന്ന് പ്രതിജ്ഞ ചെയ്ത ഖുറൈള ഗോത്രം അത് ലംഘിക്കുകയും ചെയ്തു. ഇനിയും ഇവിടെ തങ്ങിയാൽ നമ്മളും പറന്നുപോകും.' ചിലർ പറഞ്ഞു: 'മുഹമ്മദ് യുദ്ധം തുടങ്ങിയിരിക്കുന്നത് ആഭിചാരം കൊണ്ടാണ്. അതിനെ നേരിടാൻ നമുക്കാവില്ല. വേഗം സ്ഥലം വിട്ടാൽ ജീവൻ രക്ഷിക്കാം..... പുറപ്പെടു, വേഗമാകട്ടെ.' ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നാമാവശേഷമാക്കാൻ ഇരമ്പിയെത്തിയ പടയെ അല്ലാഹു ഊതിപ്പറത്തുകയായിരുന്നു. അതാണ് അവൻ അയച്ച കാറ്റ്. ആ കാറ്റിനെ തുടർന്ന് ശത്രുപക്ഷത്തിന്റെ മനസ്സുകളിൽ ഭയവും വെപ്രാളവും പടർത്താൻ മലക്കുകളുടെ സൈന്യത്തെയും അയച്ചിരുന്നു. മുസ്‌ലിംകൾക്കോ അവരുടെ ശത്രുക്കൾക്കോ മലക്കുകളുടെ സൈന്യത്തെ കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ മുസ്‌ലിംകളും അവരുടെ ശത്രുക്കളും പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കാണുന്നുണ്ടായിരുന്നു. കിടങ്ങു കുഴിച്ച് ശത്രുക്കളുടെ മുന്നേറ്റം തടയാൻ ശ്രമിച്ചതാണ് മുസ്‌ലിംകളുടെ പ്രധാന പ്രവർത്തനം. ഖുറൈള ഗോത്രത്തെ വശത്താക്കിയതും കിടങ്ങു താണ്ടി മുന്നേറാൻ മാർഗങ്ങളാരാഞ്ഞുകൊണ്ടിരുന്നതും ഒടുവിൽ കൊടുങ്കാറ്റിൽ എല്ലാം നഷ്ടപ്പെട്ട് ജീവനും കൊണ്ട് ഓടിപ്പോയതുമാണ് സഖ്യസൈന്യത്തിന്റെ പ്രവർത്തനം.

അഹ്സാബ് യുദ്ധത്തിന്റെ പശ്ചാത്തലം: ഹി. മൂന്നാം വർഷം നടന്ന ഉഹുദ് യുദ്ധത്തിൽ മുസ്‌ലിം പക്ഷത്ത് ഗണ്യമായ ആൾനാശമുണ്ടാക്കാൻ ഖുറൈശികൾക്ക് കഴിഞ്ഞുവെങ്കിലും സ്വന്തം പക്ഷത്തിന് കാര്യമായ നേട്ടമുണ്ടാക്കാനോ മദീനയെ തകർക്കാനോ കഴിഞ്ഞില്ല. അതിൽ അവർക്ക് കുണ്ഠിതമുണ്ടായിരുന്നു. അടുത്ത വർഷം ബദ്റിൽ കാണാമെന്ന് വെല്ലുവിളിച്ചുകൊണ്ടാണ് അവർ തിരിച്ചുപോയത്. നബി(സ) ആ വെല്ലുവിളി സ്വീകരിക്കുകയും ചെയ്തു. പിറ്റേവർഷം നിശ്ചിത സമയത്ത് പ്രവാചകൻ 1500 സൈനികരെയും കൂട്ടി ബദ്റിലെത്തി. അബൂസുഫ്‌യാന്റെ നേതൃത്വത്തിൽ 2000 ഭടന്മാരടങ്ങിയ ഖുറൈശിപ്പടയും പുറപ്പെട്ടിരുന്നു. പക്ഷേ 'മർറുള്ളഹ്റാൻ' എന്ന സ്ഥലത്തെത്തിയപ്പോൾ ഖുറൈശികളുടെ വീര്യം ചോർന്നുപോയി. മുന്നോട്ടു പോകാൻ ഭയം അനുവദിക്കാത്തതിനാൽ മക്കയിലേക്ക് മടങ്ങുകയായിരുന്നു. തങ്ങൾ ഒറ്റക്കു വിചാരിച്ചാൽ മുസ്‌ലിംകളെ തോൽപിക്കാനാവില്ല എന്ന് അവർ കരുതി. എങ്കിലും മുസ്‌ലിംകളോടുള്ള പക വളരുക തന്നെയായിരുന്നു. ആയിടക്ക് ഗത്ഫാൻ ഗോത്രം മദീനയെ ആക്രമിക്കാൻ കോപ്പുകൂട്ടുന്നുണ്ടായിരുന്നു. പ്രവാചകൻ നാനൂറു യോദ്ധാക്കളുമായി ചെന്ന് അവരെ തുരത്തിയോടിച്ചു. ഗോത്രങ്ങളുടെ ഒറ്റപ്പെട്ട ആക്രമണംകൊണ്ട് മുസ്‌ലിംകളെ ഒന്നും ചെയ്യാനാവില്ലെന്ന് അവരും മനസ്സിലാക്കി.

സലം ഗോത്രവും മദീനക്കെതിരെ സൈന്യസജ്ജീകരണം നടത്തിയിരുന്നു. വിവരമറിഞ്ഞ നബി(സ) ഒരു സംഘം ഭടന്മാരെ അയച്ച് അവരെയും തുരത്തി. സിറിയൻ അതിർത്തിയിൽ അറേബ്യൻ സാർഥവാഹകസംഘങ്ങൾ കടന്നുപോകുന്ന 'ദൂമതുൽ ജൻദൽ' എന്ന സ്ഥലമുണ്ടായിരുന്നു. ഇന്ന് ഈ സ്ഥലം 'അൽജൗഫ്' എന്നാണറിയപ്പെടുന്നത്. കച്ചവട സംഘങ്ങളെ പലതരത്തിൽ ദ്രോഹിക്കുകയും കൊള്ളയടിക്കുകയും ഈ നാട്ടുകാരുടെ പതിവായിരുന്നു. പ്രവാചകൻ ആയിരം പേരടങ്ങിയ ഒരു സൈന്യത്തെ അയച്ച് കൊള്ളക്കാരെ അമർച്ച ചെയ്തു. ഇത് അറേബ്യയിലാകമാനം മുസ്‌ലിംകളുടെ യശസ്സ് പരക്കാനും അവരോടുള്ള ഭീതി വളരാനും കാരണമായി.

അതിനിടെ മദീനയിലെ ബനൂഖൈനുഖാഅ്, ബനുന്നദീർ എന്നീ ജൂത ഗോത്രങ്ങളിൽപെട്ട ഒരാൾ അവരുടെ അങ്ങാടിയിൽ വെച്ച് ഒരു മുസ്‌ലിം വനിതയെ വസ്ത്രാക്ഷേപം ചെയ്ത് അപമാനിച്ച സംഭവമുണ്ടായി. അത് ആ ഗോത്രങ്ങളും മുസ്‌ലിംകളും തമ്മിൽ സംഘട്ടനത്തിലേക്ക് നയിച്ചു. ഇരുപക്ഷത്തും ആൾനാശമുണ്ടായി. മുസ്‌ലിംമർദനം നിർത്താനും കരാർ വ്യവസ്ഥകൾ പാലിച്ച് എല്ലാവർക്കും സമാധാന ജീവിതം സാധ്യമാക്കാനും നബി(സ) ജൂതരെ ആഹ്വാനം ചെയ്തു. അക്രമം തുടർന്നാൽ ഖുറൈശികൾക്ക് സംഭവിച്ചത് നിങ്ങൾക്കും സംഭവിക്കുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു. പക്ഷേ ജൂതന്മാർ ആ താക്കീത് പരി

ഹാസപൂർവം തള്ളിക്കളയുകയായിരുന്നു. തുടർന്ന് അവർ പ്രവാചകനെ വധിക്കാൻ ഗൂഢാലോചന നടത്തുന്നതായും വിവരം ലഭിച്ചു. പ്രവാചകൻ അവർക്കെതിരെ കർശനമായ നടപടിയെടുത്തു. ആ ഗോത്രങ്ങളെ മദീനയിൽനിന്ന് പുറത്താക്കുന്നതിലാണ് അത് കലാശിച്ചത്.

തങ്ങളുടെ സ്ഥാവര സ്വത്തുക്കളെല്ലാം ഉപേക്ഷിച്ച് മദീന വിടേണ്ടിവന്ന ജൂതന്മാർക്കുണ്ടാകുന്ന പകയും വിദ്വേഷവും ഊഹിക്കാവുന്നതാണല്ലോ. കുറച്ചുകാലം വാദിൽഖുറാ എന്ന സ്ഥലത്തും പിന്നീട് സിറിയൻ അതിർത്തിപ്രദേശമായ അദ്‌രിയാത്തിലുമാണ് അവർ ചേക്കേറിയത്. മുസ്‌ലിംകളെ നശിപ്പിക്കാൻ ജൂതർ മാത്രം മതിയാവില്ലെന്ന് അവർക്കറിയാമായിരുന്നു. ജൂത ഗോത്രങ്ങളും അറേബ്യൻ മുശ്‌രിക്കുകളും ഒറ്റക്കെട്ടായി ആക്രമിച്ചുകൊണ്ടേ അവരെ നശിപ്പിക്കാൻ കഴിയൂ. അതിനു പറ്റിയ ഒരു സഖ്യസൈന്യം രൂപീകരിക്കാൻ നദീർഗോത്രത്തിന്റെ തലവനായ ഹുയയ്യുബ്നു അഖ്തൽ പദ്ധതിയിട്ടു. അറബ് ഗോത്രങ്ങളെ യുദ്ധോത്സുകരാക്കാൻ ഹുയയ്യുബ്നു അഖ്ത്വബ്, സലാമുബ്നു അബുഹുഖൈഖ്, വാഇൽ ഗോത്രക്കാരായ ഹവാദുബ്നു ഖൈസ്, അബു അമ്മാർ തുടങ്ങിയ പ്രമുഖരുൾപ്പെട്ട ഒരു പ്രതിനിധിസംഘം പുറപ്പെട്ടു. അവർ ഖുറൈശികളെയും മറ്റു പല ഗോത്രങ്ങളെയും സമീപിച്ച് പറഞ്ഞു: 'മുഹമ്മദിനെയും മുസ്‌ലിംകളെയും ഇങ്ങനെ വളരാൻ വിട്ടാൽ അവർ നാളെ മക്ക ഉൾപ്പെടെ അറേബ്യ മുഴുവൻ കീഴടക്കിക്കളയും. ഇപ്പോൾ ഒറ്റക്കെട്ടായി അക്രമിച്ചാൽ നിങ്ങൾക്ക് അവരെ നശിപ്പിക്കാൻ കഴിയും. അവരുടെ മതത്തേക്കാൾ ഞങ്ങളിഷ്ടപ്പെടുന്നത് നിങ്ങളുടെ മതമാണ്. അതുകൊണ്ട് മുസ്‌ലിംകൾക്കെതിരെ ഞങ്ങളും നിങ്ങളെ സഹായിക്കാം. ഇപ്പോഴും മദീനയിൽ വസിക്കുന്ന ഞങ്ങളുടെ സഹോദര ഗോത്രമായ ഖുറൈളക്ക് മുസ്‌ലിംകളുമായി സഹകരണ കരാർ ഉണ്ടെങ്കിലും നമ്മളെല്ലാം ചേർന്ന് മദീനയെ ആക്രമിക്കാൻ ചെന്നാൽ അവർ സന്ധി ലംഘിച്ച് നമ്മോടൊപ്പം ചേരും. പിന്നെ മദീനയിൽനിന്ന് മുസ്‌ലിംകളെ തുടച്ചുനീക്കാൻ പ്രയാസവുമുണ്ടാവില്ല.'

ജൂതരുടെ പ്രലോഭനത്തിൽ മുസ്‌ലിംകളോട് ഏതെങ്കിലും തരത്തിൽ പകയുള്ള അറബു ഗോത്രങ്ങളെല്ലാം ആവേശഭരിതരായി. ഖുറൈശികൾക്കു പുറമെ ഗത്ഫാൻ, മുർറ, ഫസാറ, അശ്ജഅ്, സുലൈം, സഅ്ദ് തുടങ്ങിയ ഗോത്രങ്ങൾ യുദ്ധസജ്ജരായി. നാലായിരം കാലാൾപ്പടയും 300 അശ്വഭടന്മാരും ആയിരത്തഞ്ഞൂറ് ഒട്ടകങ്ങളും അടങ്ങുന്നതായിരുന്നു ഖുറൈശിപ്പട. അബൂസുഫ്‌യാനായിരുന്നു സേനാനായകൻ. ആയിരം ഒട്ടകങ്ങളും അതിനനുസരിച്ച കാലാളുകളുമുള്ളതായിരുന്നു ഉയയ്നബ്നു ഹിസ്നിന്റെ നേതൃത്വത്തിൽ ഫസാറ ഗോത്രം അയച്ച സൈന്യം. അശ്ജഅ്, മുർറഃ ഗോത്രങ്ങൾ നാനൂറ് വീതം ഭടന്മാരെ അയച്ചു. അശ്ജഅ് പടയുടെ തലവൻ മിസ്അറുബ്നു റുഖൈലയും മുർറയുടേത് ഹാരിസുബ്നു ഔഫും ആയിരുന്നു. എഴുനൂറ് ഭടന്മാരായിരുന്നു സുലൈം ഗോത്രത്തിന്റെ പങ്ക്. സഅ്ദ്, അസദ് ഗോത്രങ്ങളുടെ പടയാളികളും അവരോടൊപ്പം ചേർന്നു. അങ്ങനെ മൊത്തം പന്തീരായിരത്തോളം വരുന്ന സൈന്യം സജ്ജീകരിക്കപ്പെട്ടു. അക്കാലത്ത് അറബികളെ സംബന്ധിച്ചേടത്തോളം അതൊരു വൻ പട തന്നെയായിരുന്നു. അവർ മദീനക്കുനേരെ നീങ്ങി. അബൂസുഫ്‌യാനായിരുന്നു സർവസൈന്യാധിപൻ. ഈ പടനീക്കത്തെയാണ് إِذْ جَآءَتْكُمْ جُنُودٌ എന്ന വാക്യവും إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ എന്ന വാക്യവും സൂചിപ്പിക്കുന്നത്. ഈ രണ്ടാമത്തെ വാക്യത്തിന്റെ താൽപര്യം നാനാവശത്തുനിന്നും ശത്രുക്കൾ നിങ്ങൾക്കുനേരെ പാഞ്ഞടുത്തു എന്നാവാം. മീതെനിന്നു വന്നവർ നജ്ദ് ഭാഗത്തുനിന്നെത്തിയ അറബ് ഗോത്രങ്ങളും ജൂതപ്പടയുമാണെന്നും താഴെ നിന്നു വന്നവർ ഖുറൈശികളും അവരുടെ സഖ്യഗോത്രങ്ങളുമാണെന്നും മറ്റൊരു വ്യാഖ്യാനവുമുണ്ട്.

അറേബ്യൻ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത ഒരു മഹാ സൈന്യം തങ്ങൾക്കെതിരെ ആർത്തിരമ്പി വരുന്നു എന്നറിഞ്ഞ് മുസ്‌ലിംകൾ ഭയവിഹ്വലരായി. അവരെ എങ്ങനെ പ്രതിരോധിക്കണമെന്നറിയാതെ മുസ്‌ലിംകൾ കുഴങ്ങി. നബി(സ) സഖാക്കളെ വിളിച്ച് കൂടിയാലോചന നടത്തി. പട നഗരത്തിൽ പ്രവേശിക്കുന്നതു തടയാൻ സൽമാനുൽ ഫാരിസി ഒരു നിർദേശമുന്നയിച്ചു. സൈന്യം പ്രവേശിക്കാനിടയുള്ള നഗരാതിർത്തികളിൽ കിടങ്ങു തീർക്കുക. പേർഷ്യൻ രാജാക്കന്മാർ തങ്ങളുടെ കോട്ടകൊത്തളങ്ങൾ ശത്രുക്കളിൽനിന്ന് സുരക്ഷിതമാക്കാറുള്ളതങ്ങനെയാണെന്ന് അദ്ദേഹം വിശദീകരിച്ചു. ആ നിർദേശം സ്വീകരിക്കപ്പെട്ടു. ഉടനെ കിടങ്ങു കുഴിക്കുന്ന പണിയും ആരംഭിച്ചു. പ്രവാചകനടക്കം എല്ലാവരും കൈമെയ് മറന്ന് അതിൽ പങ്കെടുത്തു. ഒരാഴ്ചകൊണ്ട് മദീനയുടെ വടക്കും പടിഞ്ഞാറും അതിർത്തികളിൽ ആഴമുള്ള കിടങ്ങ് സജ്ജമായി. കിഴക്കുവശത്ത് ചരൽ ഭൂമിയാണ്, അതുവഴി സൈനികനീക്കം സാധ്യമാവില്ല. വടക്കുവശത്ത് ഖുറൈള ഗോത്രത്തിന്റെ വാസസ്ഥലവും ഇടതിങ്ങിയ ഈന്തപ്പഴത്തോട്ടങ്ങളുമാണ്. ആ വഴിക്കും സൈന്യത്തിന് മുന്നേറാനാവില്ല. ശത്രുക്കൾ അതിനു ശ്രമിച്ചാൽ തന്നെ മുസ്‌ലിംകളുമായി സുരക്ഷാ കരാറുള്ള ഖുറൈള ഗോത്രം അനുവദിക്കുകയുമില്ല. കിടങ്ങിന്റെ തീരത്തുള്ള വീടുകൾ തമ്മിൽ ഭിത്തികെട്ടി ബന്ധിച്ച് വലിയൊരു കോട്ടമതിൽ പോലെയാക്കി. ആ വീടുകളിലെ താമസക്കാരെ മാറ്റിപ്പാർപ്പിച്ചു. പലരും അപകട മേഖലയിൽനിന്ന് തങ്ങളുടെ കുടുംബങ്ങളെ കൊണ്ടുപോയി പാർപ്പിച്ചത് സുരക്ഷിത മേഖല എന്ന് കരുതപ്പെട്ടിരുന്ന തെക്കേ അതിർത്തിയിലുള്ള ബനൂഖുറൈളയുടെ കോട്ടകൾക്കടുത്താണ്.

ഇതൊക്കെയാണെങ്കിലും സഖ്യകക്ഷികളുടെ മഹാസൈന്യവുമായി ഏറ്റുമുട്ടിയാൽ പിടിച്ചുനിൽക്കാനാവില്ലെന്ന് മുസ്‌ലിംകൾക്കു തോന്നി. ശത്രുക്കളെ ഭിന്നിപ്പിക്കുകയാണ് ആശ്വാസത്തിനുള്ള ഒരേയൊരു മാർഗം. തിരുമേനി ഒരു നിർദേശമുന്നയിച്ചു; മദീനയിലെ ഉൽപന്നങ്ങളുടെ മൂന്നിലൊന്ന് കൊടുക്കാമെന്നും പകരം യുദ്ധത്തിൽനിന്നും പിന്മാറണമെന്നും ഗത്ഫാൻ ഗോത്രത്തോട് ആവശ്യപ്പെടുക. അവരത് സ്വീകരിച്ചാൽ ശത്രുക്കൾ ഭിന്നിക്കും. അവരുടെ ശക്തി ക്ഷയിക്കും. ചിലപ്പോൾ പാളയത്തിൽ പടയുണ്ടാവാനും കാരണമാകും. പക്ഷേ മദീനയിലെ നേതാക്കൾക്ക് അതിനോട് യോജിക്കാനായില്ല. 'ജാഹിലിയ്യാ കാലത്ത് ഞങ്ങൾ ഗത്ഫാൻകാർക്ക് കപ്പം കൊടുത്തിട്ടില്ല. ഏകനായ സത്യദൈവത്തിൽ വിശ്വസിക്കുന്നവരായ ശേഷം അവർക്ക് കപ്പം കൊടുക്കുകയോ? ഇത് ദൈവകൽപനയാണെങ്കിൽ അനുസരിക്കും. മറിച്ച് ഞങ്ങളുടെ രക്ഷക്കു വേണ്ടി പ്രവാചകൻ സ്വന്തം നിലയിൽ സ്വീകരിക്കുന്ന നടപടിയാണെങ്കിൽ അതു വേണ്ട. വരുന്നതു വരട്ടെ, നമുക്ക് യുദ്ധം ചെയ്യാം.' പ്രവാചകൻ പറഞ്ഞു: 'എന്റെ അഭിപ്രായമാണ്. നിങ്ങളുടെ ജീവൻ

രക്ഷിക്കാൻ മറ്റു മാർഗങ്ങളൊന്നും ഞാൻ കാണുന്നില്ല.'

ഇരമ്പിവന്ന ശത്രുസൈന്യം മദീനയുടെ അതിർത്തിയിലെത്തിയപ്പോൾ മുന്നിൽ വഴിമുടക്കി ഒരു കിടങ്ങു കണ്ട് അമ്പരന്നുപോയി. സൈന്യത്തെ ഉഹുദിൽ വെച്ച് മുസ്‌ലിംകൾ നേരിടും. തങ്ങളവരെ നിലംപരിശാക്കി, മുതലുകൾ കൊള്ളയടിച്ച് വിജയഗാഥകളാലപിച്ച് തിരിച്ചുപോരും. ഒറ്റദിവസംകൊണ്ട് എല്ലാം തീരും. മുസ്‌ലിംകളുടെ കഥകഴിയും. അങ്ങനെയായിരുന്നു അവരുടെ കണക്കുകൂട്ടൽ. തങ്ങൾക്കും മുസ്‌ലിംകൾക്കുമിടയിൽ താണ്ടിക്കടക്കാനാവാത്ത ഒരു ഗർത്തം അവരൊട്ടും പ്രതീക്ഷിച്ചതല്ല. അങ്ങനെയൊരു യുദ്ധതന്ത്രം അറബികൾക്ക് അപരിചിതവുമായിരുന്നു. ഒട്ടകങ്ങൾക്കും കുതിരകൾക്കും ആ കിടങ്ങ് ചാടിക്കടക്കാനോ ഇറങ്ങിക്കയറാനോ കഴിയില്ല. കാലാളുകൾക്കും എളുപ്പമുള്ള കാര്യമല്ല അത്. വിഷണ്ണരായ ശത്രുക്കൾ, കിടങ്ങുകൾ കുഴിച്ച് അതിനപ്പുറത്ത് വീടുകളിൽ ഭീരുക്കളായി ഒളിച്ചിരിക്കാതെ പുറത്തുവന്ന് ഞങ്ങളുമായി ഏറ്റുമുട്ടുക എന്ന് രോഷത്തോടെ വെല്ലുവിളിച്ചുകൊണ്ടിരുന്നു. കിടങ്ങിനടുത്ത സൽഅ് മലയിൽ പ്രവാചകൻ മൂവായിരത്തോളം ഭടന്മാരെ നിർത്തിയിരുന്നു. ശത്രുക്കളും അവരും തമ്മിലുള്ള അസ്ത്രപ്രയോഗത്തിനപ്പുറം ഒന്നും നടന്നിരുന്നില്ല. കിടങ്ങിനപ്പുറം മദീനയെ ഉപരോധിച്ചു നിൽക്കാൻ സഖ്യസൈന്യം നിർബന്ധിതരായി. അതിസാഹസികരായ ചില പടയാളികൾ കിടങ്ങ് താണ്ടിക്കടന്ന് മുസ്‌ലിംകളെ അക്രമിക്കാൻ ശ്രമിച്ചെങ്കിലും അവരാരും ജീവനോടെ തിരിച്ചുപോയില്ല.

ഉപരോധം കൊണ്ട് മുസ്‌ലിംകളെ കീഴ്പ്പെടുത്താനാവില്ലായിരുന്നു. വടക്കു ഭാഗം തുറന്നു കിടക്കുകയാണല്ലോ. അവിടെ വസിക്കുന്ന ഖുറൈള ഗോത്രം മുസ്‌ലിംകളുടെ സഖ്യക്ഷിയുമാണ്. ആയുധങ്ങളും മറ്റു ഭൗതിക വിഭവങ്ങളും അവരിൽനിന്ന് ലഭിച്ചുകൊണ്ടിരുന്നു. ഖുറൈശികൾക്കാകട്ടെ, തങ്ങൾ കൊണ്ടുവന്നതിലപ്പുറം വിഭവങ്ങൾ സമാഹരിക്കുക ഏറെ ക്ലേശകരമായിരുന്നു. ഒന്നോ രണ്ടോ ദിവസംകൊണ്ട് സൈനിക നടപടി പൂർത്തിയാക്കി തിരിച്ചുപോകാമെന്ന പ്രതീക്ഷയിലാണ് അവർ വന്നത്. ഏറെകാലം ഉപരോധിച്ചു കഴിയുക അവർക്ക് വളരെ പ്രയാസകരമായിരുന്നു. പോരാത്തതിന് അത് ശൈത്യകാലവുമായിരുന്നു. തണുപ്പ് അവരെ വല്ലാതെ അലട്ടി. ഈ സാഹചര്യത്തിൽ വന്നപോലെ തിരിച്ചുപോകുന്നതല്ലേ നല്ലത് എന്ന്അവർ ചിന്തിച്ചുതുടങ്ങി.

നദീർ ഗോത്രത്തിന്റെ തലവൻ ഹുയയ്യുബ്നു അഖ്തബ് ഈ ചിന്ത വളരാനനുവദിച്ചില്ല. യഥാർഥത്തിൽ അറബ്-ജൂത ഗോത്രങ്ങളെ ഒന്നിപ്പിച്ചതും സഖ്യസൈന്യം സംഘടിപ്പിച്ചതും അയാളാണല്ലോ. മുഹമ്മദ് നബിയെയും മുസ്‌ലിംകളെയും മദീനയിൽനിന്ന് തുടച്ചുനീക്കി, ബനുന്നദീറിനെ മദീനയിൽനിന്ന് നാടുകടത്തിയതിന്റെ പക തീർക്കുകയായിരുന്നു അയാളുടെ ലക്ഷ്യം. ഇപ്പോൾ അറബികളെ ഐക്യപ്പെടുത്തി. ഒരു മഹാ സൈന്യം സംഘടിപ്പിക്കാനും അവരെ മദീനയുടെ പടിവരെ എത്തിക്കാനും കഴിഞ്ഞിരിക്കുന്നു. ഈ സൈന്യം ഒന്നും ചെയ്യാതെ പിരിഞ്ഞുപോയാൽ ഇനിയൊരിക്കലും തനിക്കവരെ സംഘടിപ്പിക്കാൻ കഴിയില്ല. മാത്രമല്ല; സഖ്യസൈന്യം പിൻവാങ്ങുന്നത് മുസ്‌ലിംകളുടെ വിജയമായിരിക്കും. ആ വിജയത്തിന്റെ രൂക്ഷമായ പ്രത്യാഘാതം സഖ്യകക്ഷികളെ സംഘടിപ്പിക്കാനും പടനീക്കം നടത്താനും മുൻകൈയെടുത്ത ജൂത ഗോത്രങ്ങൾ അനുഭവിക്കേണ്ടിവരികയും ചെയ്യും.

അയാൾ പ്രഖ്യാപിച്ചു; 'മുഹമ്മദുമായുള്ള സഖ്യം അവഗണിച്ച് അയാൾക്കെതിരെ നമ്മോടൊപ്പം ചേരാൻ ഞാനിതാ ഖുറൈള ഗോത്രത്തെ ക്ഷണിക്കാൻ പോകുന്നു. അവർ നമ്മോട് ചേരുന്നതോടെ മുസ്‌ലിംകളുടെ വിഭവനാളി അടയും. നമുക്ക് മുന്നോട്ടുള്ള വഴി തുറന്നുകിട്ടുകയും ചെയ്യും.' ഇതുകേട്ട് സഖ്യസൈന്യത്തിന് വീണ്ടും പ്രതീക്ഷ തളിർത്തു. ഹുയയ്യുബ്നു അഖ്തബ് ഖുറൈള നായകൻ കഅ്ബുബ്നു അസദിനെ കണ്ട് വിഷയമവതരിപ്പിച്ചപ്പോൾ ആദ്യം അയാൾ വഴങ്ങിയില്ല. മുസ്‌ലിംകളും ഞങ്ങളും തമ്മിലുള്ള കരാറുകൾ നല്ല നിലയിൽ പാലിക്കപ്പെട്ടുപോരുന്നതിനാൽ അതു ലംഘിക്കാൻ യാതൊരു ന്യായവുമില്ല. ഈ യുദ്ധത്തിൽ മുസ്‌ലിംകൾ നിശ്ശേഷം തുടച്ചുനീക്കപ്പെടുന്നുവെങ്കിലേ തങ്ങൾക്ക് ഗുണമുള്ളൂ. മുസ്‌ലിംകൾ യുദ്ധം തോറ്റാലും മദീന അവരുടെ കൈയിൽ തന്നെ നിലനിൽക്കുകയാണെങ്കിൽ തങ്ങളുടെ നിലനിൽപ് അവതാളത്തിലാകും. സഖ്യകക്ഷികൾ യുദ്ധം തോൽക്കുന്നുവെന്നിരിക്കട്ടെ, അപ്പോൾ തങ്ങൾ മദീനയിൽ ഉന്മൂലനം ചെയ്യപ്പെടുമെന്ന് ഉറപ്പാണ്. ഇതായിരുന്നു കഅ്ബിന്റെ പ്രതികരണം. ഹുയയ്യ് അയാളെ പറഞ്ഞു മയക്കി. സഖ്യസൈന്യം തോൽക്കുന്ന പ്രശ്നമില്ല. മദീന മുസ്‌ലിംകളുടെ ആധിപത്യത്തിൽ അവശേഷിക്കുന്ന പ്രശ്നവുമില്ല. 'നോക്കൂ, എത്ര ഗംഭീരമായ സൈന്യമാണെത്തിയിരിക്കുന്നത്! ഇപ്പോൾ നിങ്ങൾ അവരെ സഹായിച്ചാൽ അതിന് വമ്പിച്ച പ്രതിഫലം ലഭിക്കും. മദീനയിലെ നിങ്ങളുടെ നിലനിൽപ് ചോദ്യം ചെയ്യപ്പെടാനാവാത്തവണ്ണം ഭദ്രമാവുകയും ചെയ്യും. നിങ്ങളുടേതുമാത്രമല്ല അറേബ്യയിലെ മറ്റു ജൂത ഗോത്രങ്ങളുടെ നിലനിൽപും ഭദ്രമാകും. നിങ്ങൾ മുസ്‌ലിംകളുടെ സഖ്യകക്ഷിയായി തുടരുന്ന പക്ഷം സഖ്യസൈന്യം നിങ്ങളെയും ശത്രുക്കളായി കരുതുകയും മുസ്‌ലിംകളെ തുടച്ചുനീക്കുന്നതുപോലെ നിങ്ങളെയും തുടച്ചു നീക്കുകയും ചെയ്യും.' ഒടുവിൽ ഖുറൈള ഗോത്രം സഖ്യസൈന്യത്തെ സഹായിക്കാമെന്ന് സമ്മതിച്ചു.

ബനൂഖുറൈള കരാർ ലംഘിച്ച് സഖ്യസേനയോടൊപ്പം ചേരാൻ തീരുമാനിച്ച വിവരമറിഞ്ഞപ്പോൾ മുസ്‌ലിംകളുടെ ഭീതി പതിന്മടങ്ങ് വർധിച്ചു. ആകെയുണ്ടായിരുന്ന ഏകാവലംബമാണ് ശത്രുപക്ഷത്ത് ചേർന്നിരിക്കുന്നത്. തങ്ങളുടെ ശക്തിദൗർബല്യങ്ങൾ കൃത്യമായി അറിയാവുന്നവർ. തങ്ങൾ ഇതാ നിശ്ശേഷം തുടച്ചുനീക്കപ്പെടാൻ പോകുന്നു എന്ന കൊടും പേടിയാൽ അവർ അന്ധാളിച്ചുപോയി. വിശ്വാസ ദൗർബല്യമുള്ളവർ അല്ലാഹു തങ്ങളെ കൈവിട്ടുകളഞ്ഞിരിക്കുന്നു എന്ന് നിരാശപ്പെട്ടു. വരാൻ പോകുന്ന ഭീകര ദുരന്തമോർത്ത് ദൃഢവിശ്വാസികളായ മുസ്‌ലിംകൾ പോലും കിടുകിടാ വിറച്ചു. ഈ അവസ്ഥാവിശേഷത്തെയാണ് وَإِذْ زَاغَتِ ٱلْأَبْصَٰرُ .......... زِلْزَالًا شَدِيدًا എന്ന വാക്യങ്ങളിൽ വർണിക്കുന്നത്. زيغ (തെന്നുക, വഴുതുക, വ്യതിചലിക്കുക, ചായുക)ൽനിന്നുള്ള ക്രിയയാണ് زاغ. നോട്ടം മറ്റെല്ലാറ്റിൽ നിന്നും മാറി താൻ ഭയപ്പെടുന്നതെന്തിനെയാണോ അതിൽ മാത്രം തറഞ്ഞുനിൽക്കുന്നതിനും വിഭ്രാന്തിയാൽ കണ്ണുതള്ളുന്നതിനുമാണ് زاغ البصر എന്നു പറയുക. അന്നനാളത്തിന്റെ മുകളറ്റങ്ങൾ (തൊണ്ടക്കുഴി) ആണ് حناجر. ഇതിന്റെ ഏകവചനം حَنْجَرة ആണ്. അത്യന്തം ഭീതിതരായി എന്ന അർഥത്തിലുള്ള പ്രയോഗമാണ് وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ.

പെട്ടെന്ന് കൊടിയ ഭയത്തിന്നടിപ്പെടുന്നവരുടെ ഹൃദയമിടിപ്പ് വർധിക്കുകയും ശക്തിയായി ശ്വാസം വലിക്കുകയും ചിലപ്പോൾ ആ വലി അയാളുടെ ഹൃദയസ്തംഭനത്തിനുവരെ കാരണമാവുകയും ചെയ്യും. ശ്വാസകോശങ്ങൾ വായു നിറഞ്ഞു മേലോട്ട് തൊണ്ടയിലേക്കുയരുന്നതായി തോന്നും. ഇതാണ് ഈ പ്രയോഗത്തിനടിസ്ഥാനം. 'അല്ലാഹുവിനെക്കുറിച്ച് പല വിധം ഊഹിക്കുന്നു' - وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا- എന്ന വാക്യം കപടന്മാരിലും ദുർബല വിശ്വാസികളിലും ദൃഢവിശ്വാസികളിലും ആ സന്ദർഭത്തിൽ അല്ലാഹുവിനെക്കുറിച്ച് വിവിധങ്ങളായ ഊഹങ്ങളുയർന്നതിനെ ഓർമിപ്പിക്കുകയാണ്. ഭയക്രാന്തമായ ആ സാഹചര്യത്തിലും ദൃഢവിശ്വാസികളായ മുസ്‌ലിംകൾ അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിച്ചു. ദുർബല വിശ്വാസികൾ അല്ലാഹു തങ്ങളെ വെടിഞ്ഞുവെന്ന് കരുതി നിരാശപ്പെട്ടു. കപടവിശ്വാസികൾ പ്രവാചകൻ വിശ്വാസികൾക്ക് നൽകിയ വിജയത്തിന്റെയും സൗഭാഗ്യത്തിന്റെയും വാഗ്ദാനങ്ങളെല്ലാം കേവലം തട്ടിപ്പും വഞ്ചനയുമാണെന്ന് പ്രചരിപ്പിക്കാൻ നല്ലൊരവസരമായി അതിനെ ഉപയോഗപ്പെടുത്തി. ആപത്തിലകപ്പെടുന്നതിനും കടുത്ത പരീക്ഷണത്തിനു വിധേയമാകുന്നതിനും ഉപയോഗിക്കുന്ന ابتلاء -ൽനിന്നുള്ള ഭൂതകാല കർമണിപ്രയോഗമാണ് ابتلي.' അകന്ന സ്ഥലത്തെ (അവിടെ) കുറിക്കുന്ന പദമാണ് هنالك. ഇവിടെ ഉദ്ദേശ്യം ആ സന്ദർഭത്തിൽ എന്നാണ്. അപ്പോൾ യഥാർഥ സത്യവിശ്വാസികൾ പോലും കൊടിയ പരീക്ഷണത്തിലകപ്പെടുകയും കിടുകിടാ വിറക്കുകയും ചെയ്തുവെന്നാണ് വചനസാരം. ഒരു വശത്ത് അല്ലാഹു തങ്ങളെ കൈവിടില്ലെന്ന വിശ്വാസം. കിടങ്ങിനപ്പുറം നാവുനീട്ടി നിൽക്കുന്ന വിശന്ന സിംഹങ്ങളെപ്പോലെ തങ്ങളെ തുറിച്ചുനോക്കുന്ന ഭീകരപ്പട. മനോദാർഢ്യമില്ലാത്ത വിശ്വാസികൾ അല്ലാഹു തങ്ങളെ കൈയൊഴിഞ്ഞുവെന്ന് വിലപിക്കുന്നു. കപടവിശ്വാസികളാകട്ടെ, അല്ലാഹുവും റസൂലും വ്യാജവാഗ്ദാനങ്ങൾ നൽകി തങ്ങളെ വഞ്ചിക്കുകയായിരുന്നുവെന്നു ബഹളം വെക്കുന്നു. ഈ അവസ്ഥ തന്നെ വലിയൊരു പരീക്ഷണമാണ്. ഒരാഴ്ച കൊണ്ട് മദീനക്കു ചുറ്റും ആഴമേറിയ കിടങ്ങ് കുഴിക്കേണ്ടിവരിക എന്നതും വലിയ പരീക്ഷണമായിരുന്നു. അന്ന് മദീനയുടെ സാമ്പത്തികസ്ഥിതി അത്ര മെച്ചമായിരുന്നില്ല. പ്രവാചകൻ ഉൾപ്പെടെയുള്ള പലരും 3 ദിവസം വരെ ആഹാരം കഴിക്കാതെ വലഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ധൈര്യം പകരുകയും അവരെ ശത്രുക്കൾക്കെതിരെ ഉറപ്പിച്ചുനിർത്തുകയും ചെയ്യുക എന്നത് വിഷമം പിടിച്ച കാര്യമായിരുന്നു. ഇത്രയേറെ ഭയാനകവും സങ്കീർണവുമായ ഒരു ഘട്ടത്തിലാണ് അല്ലാഹു നിങ്ങളുടെ ശത്രുക്കളെ ഊതിപ്പറത്തിക്കളഞ്ഞത്. സത്യവിശ്വാസികൾക്ക് ഭരമേൽപിക്കാൻ ഏറ്റവും മതിയായവൻ തന്നെയാണ് അല്ലാഹു എന്നതിന് ഇതിൽപരം ദൃഷ്ടാന്തമെന്തു വേണം?! ■